“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/1924/2025-A**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **07/09/2026.**

<u>താൽപര്യപത്രം</u>

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ടെയിനിംഗ് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) വകുപ്പ്, ചേവായൂർ, കോഴിക്കോട് -17, വയനാട് സുഗന്ധഗിരിയിൽ നിർമ്മിക്കുന്ന ഗോത്ര സ്വതന്ത്ര്യ സമര സേനാനി മ്യൂസിയം നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള **MEPF** പ്രവർത്തിയുടെ ഭാഗമായി ഒരു ചെക്ക് മെഷർമെന്റ് ഓഫീസറെ നിയമിക്കുന്നതിലേക്കായി താഴെ പറയുന്ന യോഗ്യതയുള്ളവരിൽനിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു.

1. അപേക്ഷകർ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) റാങ്കിൽ വിരമിച്ച വ്യക്തി ആയിരിക്കണം.
2. സർക്കാർ ഉത്തരവ് (പി) നമ്പർ **67/2021**/ഫിൻ, തീയതി **28/04/2021** ലെ ഖണ്ഡിക **8-4** പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ഈ തെരഞ്ഞെടുപ്പിനും ബാധകമായിരിക്കും.
3. തലക്കരചന്തു ഗോത്ര സ്വതന്ത്ര്യ സമര സേനാനി മ്യൂസിയം പദ്ധതിയുമായി ബന്ധപ്പെട്ട് മേൽപറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതനുസരിച്ച് **MEPF** പ്രവൃത്തികളുമായി ബന്ധപ്പെട്ടുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പരിശോധിക്കേണ്ടതും, കൂടാതെ അക്രിഡിറ്റഡ് ഏജൻസി തയ്യാറാക്കുന്ന ബില്ലുകൾ ചെക്ക് മെഷർ ചെയ്യുകയും നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിഷയങ്ങളിൽ ഈ വകുപ്പിലെ സഹായിക്കേണ്ടതുമാണ്.
4. അപേക്ഷകന്റെ മുൻകാല സേവന പരിചയം സംബന്ധിക്കുന്ന രേഖകളുടെ പകർപ്പ് താൽപര്യപത്രത്തിനൊടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. താൽ പര്യപത്രങ്ങൾ **19/10/2026** വൈകുന്നേരം **5.00** മണിവരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും.

ലഭിച്ച താത്പര്യപത്രങ്ങൾ പരിശോധിച്ച് നിഷ്കർഷിച്ച യോഗ്യതയുള്ളവരിൽനിന്നും കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ഒരാളെ തെരഞ്ഞെടുക്കുന്നതായിരിക്കും.

Digitally signed by ഡയറക്ടർ
BINDU S
Date: 05-10-2026
14:44:34

1). ഡയറക്ടർ
വിവര പൊതുജന സമ്പർക്ക വകുപ്പ്,
തിരുവനന്തപുരം.
2). വകുപ്പ് വെബ് സൈറ്റിൽ ചേർക്കുന്നതിന്
3). നോട്ടീസ് ബോർഡ്

4). ആഫീസ് പകർപ്പ്